കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്, ഇവരിൽ അഭ്യസ്തവിദ്യർക്ക് തൊഴിൽ മേഖലകളിലേക്ക് വഴികാട്ടിയായി പബ്ലിക് സർവ്വീസ് കമ്മീഷൻ ബുള്ളറ്റിൻ, കരിയർ മാഗസിൻ, എന്നീ ആനുകാലിക പ്രസിദ്ധീകരണങ്ങൾ സൗജന്യമായി നൽകുന്നുണ്ട്. ഗോത്ര വർഗ്ഗത്തിൽപ്പെട്ട എട്ടാം ക്ലാസ് വരെ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള യുവതി യുവാക്കളെ 1000 (ആയിരം) രൂപ ഓണറേറിയത്തിൽ സോഷ്യൽ ആക്റ്റിവിസ്റ്റുകളായി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിയമിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സൗകര്യം തീരെ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഏകാദ്ധ്യാപക സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

യുവജന ക്ഷേമ പ്രവർത്തനങ്ങൾ

16 (164) ശ്രീ. കെ. ബാബു :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീമതി ശോഭനാജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം തൊഴിലില്ലാത്തവരായ യുവജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട് ;

(ബി) ഇതിന്റെ ഫലമായി എത്ര യുവജനങ്ങൾക്ക് പ്രയോജനം കിട്ടിയിട്ടുണ്ട് ;

(സി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള തൊഴിൽരഹിതരായ എത്ര യുവജനങ്ങളെ ഈ നടപടിയുടെ ഫലമായി ദാരിദ്ര്യ രേഖയ്ക്കു മുകളിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ?

ഉത്തരം

(എ&ബി) യുവജനക്ഷേമ വകുപ്പു മുഖേന കണ്ണൂരിലെ നിർമ്മിതി കേന്ദ്രത്തിൽ വച്ച് ആശാരിപ്പണി, കൊത്തപ്പണി എന്നീ ഇനങ്ങളിൽ ഏഴ് മാസത്തെ പരിശീലനം തെരഞ്ഞെടുത്ത യുവാക്കൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ പരിശീലനം നേടിയവർ ഇപ്പോൾ നിർമ്മിതി കേന്ദ്രം ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്തു വരുന്നു. കൂടാതെ യുവാക്കളെ സ്വയംതൊഴിൽ കണ്ടെത്താൻ പ്രാപ്തരാക്കും വിധത്തിൽ പ്രത്യേക പരിശീലനം നൽകി വരുന്നു. മറ്റ് വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പരിപാടികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്കു താഴെ വരുന്ന തൊഴിൽരഹിതരായ 25 യുവാക്കൾക്ക് തിരുവനന്തപുരം ഐ.റ്റി.സി. മുഖേന ആശാരിപ്പണിയിലും, തൃശ്ശൂർ നിർമ്മിതി കേന്ദ്രം മുഖേന 25 യുവാക്കൾക്ക് 6 മാസം നീണ്ടുനിൽക്കുന്ന കൊത്തൻപണി പരിശീലനവും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 14 പട്ടിക്വർഗ്ഗ യുവതീ

LIBRARY ARCHIVES Kerala Legislative Assembly

യുവാക്കൻമാർക്ക് തിരുവനന്തപുരം ടെലിക്സ് ലിമിറ്റഡ് വഴി ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സിൽ 6 മാസം നീണ്ടുനിന്ന ഒരു വിദഗ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള തൊഴിൽരഹിതരായ യുവാക്കളെ ദാരിദ്ര്യ രേഖയ്ക്കു മുകളിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

യുവജനക്ഷേമ ബോർഡിന്റെ പുതിയ പദ്ധതികൾ

17 (165) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ കുറയ്ക്കുന്നതിന് യുവജനക്ഷേമബോർഡ് വഴി ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) യുവജനനയത്തിന് രൂപം നൽകാനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും, അത് എന്നത്തേയ്ക്ക് പ്രഖ്യാപിക്കുമെന്നും വ്യക്തമാക്കാമോ ;

(ഡി) യുവജന നയം മൂലം സംസ്ഥാനത്തെ മനുഷ്യവിഭവശേഷി ഉയർത്താൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ തൊഴിലില്ലായ്മ കുറയ്ക്കുന്നതിന് പര്യാപ്തമായ വിവിധ തൊഴിൽ പരിശീലന പദ്ധതികൾ വിവിധ വകുപ്പുകളിലൂടെ നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാർ നിയമിച്ച വിദഗ്ദ്ധ സമിതി അവരുടെ ഒന്നാമത് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. ഈ റിപ്പോർട്ട് അംഗീകരിച്ചു കഴിയുമ്പോൾ വിവിധ തൊഴിൽ പരിശീലന പദ്ധതികൾ വിവിധ വകുപ്പുകളിലൂടെ നടപ്പാക്കി അതുവഴി തൊഴിലില്ലായ്മയ്ക്ക് കുറവു വരുത്താൻ കഴിയും.

(സി&ഡി) യുവജനനയത്തിന് രൂപം നൽകുന്നതിനും യുവജനക്ഷേമ കാര്യങ്ങളെക്കുറിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിനുമായി സർക്കാർ നിയമിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച ഒന്നാമത് റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. നയം രൂപീകരിക്കുമ്പോൾ മനുഷ്യവിഭവശേഷി ഉയർത്താനുള്ള പരിപാടികൾ ഉൾക്കൊള്ളിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly